ജനുവരി | ഫെബ്രുവരി | മാർച്ച് 2025

VINFORMATION
വിൻഫൊർമേഷൻ

ജൂബിലി 2025

പ്രത്യാശയുടെ തീർത്ഥാടകർ

പ്രത്യാശ തേടുന്ന തീർഥാടകർ
പ്രശ്നങ്ങൾ തിരമാലയാകുമ്പോഴും
കർത്താവുമൊന്നിച്ചു യാത്ര ചെയ്താൽ
ദുഃഖങ്ങളെല്ലാം അകന്നുപോകും

SSVP
serviens in spe
VERAPOLY CENTRAL COUNCIL

വരാപ്പുഴ അതിരൂപതാ വിൻസെൻഷ്യൻ വാർത്താപത്രിക

വാർഷിക ധ്യാന സംഗമം 2024

ഡിസംബർ 15 ഞായറാഴ്ച ചാത്യാത്ത് പാരിഷ് ഹാളിൽ

ഉദ്ഘാടനകർമ്മം : വരാപ്പുഴ അതിരൂപതയുടെ പുതിയ സഹായ മെത്രാൻ അഭിവന്ദ്യ ഡോ. ആന്റണി വാലുങ്കൽ നിർവഹിച്ചു.



ദിവ്യപൂജ :
റവ.ഫാ. ലാസർ സിന്റോ

സ്വാഗതം :
ബ്ര. റോക്കി രാജൻ

കൃതജ്ഞത :
ബ്ര. പയസ് പഴങ്ങാട്ട്

പങ്കെടുത്തവർ

വിൻഫോർമേഷൻ ചെയ്യുന്നത്...

വരാപ്പുഴ അതിരൂപതാ വിൻസെന്റ് ഡി പോളിന്റെ മുഖപത്രം വിൻഫോർമേഷൻ 2007 ജനുവരി ഫെബ്രുവരി മാർച്ച് ആണ് തുടക്കം കുറിച്ചത്. ഒരു ത്രൈമാസികം, മൂന്നു മാസം കൂടുമ്പോൾ ഇറങ്ങുന്ന പ്രസിദ്ധീകരണം. അതായത് 2007 ജനുവരി ഫെബ്രുവരി മാർച്ച് മാസത്തിലേക്കുള്ള ആദ്യത്തെ പതിപ്പ് ഇറങ്ങിയതിനുശേഷം 2025 ലേക്ക് നമ്മൾ കടക്കുകയാണ്. കോൺഫറൻസുകളുടെ വിവരങ്ങൾ യഥാസമയം പരസ്യപ്പെടുത്തുക, അത് മറ്റുകോൺഫറൻസുകൾക്കു കൂടി പ്രയോജനപ്പെടുത്തുക എന്നതാണ് നമ്മുടെ ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. വിൻസെൻഷ്യൻ - ഇൻഫോർമേഷൻ എന്ന രണ്ടു വാക്കുകൾ കോർത്തിണക്കിയാണ് വിൻഫോർമേഷൻ എന്ന് ഈ മാസികയ്ക്ക് പേര് നല്കിയത്. 2007-ൽ തുടങ്ങിയിട്ട് 2025-ൽ 18 വർഷം പൂർത്തിയാകുകയാണ്. ഇത് ഇന്നുവരെ മുടങ്ങാൻ ഇടവന്നിട്ടില്ല എന്നത് വലിയൊരു ദൈവാനുഗ്രഹമാണ്.

ഇതിനുവേണ്ടി എല്ലാ സഹകരണങ്ങളും ഇതുവരെ ചെയ്തു തരുന്ന ആത്മീയോപദേഷ്ടാവിനും ബോർഡ് അംഗങ്ങൾക്കും പത്രാധിപസമിതി അംഗങ്ങൾക്കും മാന്യവായനക്കാർക്കും നന്ദി. പരിശുദ്ധാത്മാവിന്റെ കൃപ നമ്മോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ എന്ന് നമുക്കു പ്രാർഥിക്കാം

സ്നേഹപൂർവം,

ചീഫ് എഡിറ്റർ

ഹൈക്കോർട്ട് ജങ്ഷൻ
എറണാകുളം,
കൊച്ചി - 682 031
Email: vinformation2020@gmail.com
Website:www.ssvpverapoly.org

പുസ്തകം 19
ലക്കം 1
ജനുവരി – ഫെബ്രുവരി – മാർച്ച്

പത്രാധിപസമിതി

വെരി റവ. മോൺ. ക്ലീറ്റസ് പറമ്പലോത്ത്
(രക്ഷാധികാരി)

റോക്കി രാജൻ

റാഫേൽ കളത്തിവീട്ടിൽ

എൻ.ജെ. സേവ്യർ ജയിംസ്

ആന്റണി കുറ്റിശ്ശേരി

ജോസ് ഫ്രാൻസിസ് വടക്കുംതല

ജോയി കൈമാതുരുത്തി

മാത്തച്ചൻ അറയ്ക്കൽ

ടി.എം. ജോസഫ് തൈപ്പറമ്പിൽ

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ഞേരി
(ചീഫ് എഡിറ്റർ)

ലേ ഔട്ട്, കവർ ഡിസൈൻ
& പ്രിന്റിങ്
ബുക്ക് ക്രാഫ്റ്റ്
ചേരാനല്ലൂർ – 682 034

വാർഷിക സംഭാവന : 30 രൂപ

(സ്വകാര്യ വിതരണത്തിനുമാത്രം)

നാല്പത് നോമ്പിന്റെ പ്രസക്തി

യേശുനാഥന്റെ പീഡാനുഭവ മരണോത്ഥാനത്തിന്റെ വിശുദ്ധമായ ഓർമകൾ ആചരിക്കുന്ന വലിയ നോമ്പുകാലം, തപസ്സുകാലം. ആഗോള ലത്തീൻ കത്തോലിക്കാസമൂഹം നോമ്പ് ആചരിക്കുന്നത് ക്ഷാരബുധൻ മുതൽ ഈസ്റ്റർ ഞായർ വരെയുള്ള 40 ദിവസമായി നിജപ്പെടുത്തിയിരിക്കുന്നു. ഇടയ്ക്കുവരുന്ന ഞായറാഴ്ചകൾ ഒഴിവാക്കിക്കൊണ്ടാണിത്. ഞായറാഴ്ച കത്തോലിക്കാ സഭയിൽ കർത്താവിന്റെ ദിവസം (Day of our Lord) എന്ന പേരിലാണ് ആചരിക്കുന്നത്. അത് ആഘോഷത്തിന്റെ ദിവസമായതുകൊണ്ട് അന്ന് നോമ്പും ഉപവാസവും അനുഷ്ഠിക്കേണ്ടതില്ല.

ഇതിന് വളരെ വ്യക്തമായ ബൈബിൾ അടിസ്ഥാനം ഉണ്ട്. പഴയ നിയമത്തിൽ നിന്നും പുതിയ നിയമത്തിൽ നിന്നുമുള്ള ഭാഗങ്ങൾ ആധാരമാക്കിയാണ് ഈ 40 ദിവസങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. നോമ്പാചരണത്തിന്റെ ബൈബിൾ പശ്ചാത്തലം ഇങ്ങനെയാണ്: പഴയ നിയമത്തിൽ നോഹയുടെ കാലത്തുണ്ടായ ഒരു മഹാപ്രളയത്തെക്കുറിച്ച് നമ്മൾ വായിക്കുന്നുണ്ട്. 40 രാവും 40 പകലും പെയ്ത കൊടുമഴയെത്തുടർന്നുണ്ടായ പ്രളയത്തിൽ ഭൂമിയിലെ സർവചരാചരങ്ങൾക്കും ജീവൻ നഷ്ടപ്പെട്ട അവസ്ഥയുണ്ടായി. നോഹയുടെ പെട്ടകത്തിൽ കയറിയ അദ്ദേഹത്തിന്റെ കുടുംബവും മറ്റുജീവജാലങ്ങളും മാത്രമാണ് രക്ഷപ്പെട്ടത്.

ഏലി എന്ന ന്യായാധിപൻ ഇസ്രായേലിൽ 40 വർഷം ന്യായാധിപനായിരുന്നു. സാവൂൾ, ദാവീദ്, സോളമൻ എന്നിവർ 40 വർഷം വീതം ഇസ്രായേലിൽ ഭരണം നടത്തി. മോശയുടെ നേതൃത്വത്തിലുള്ള മരുഭൂമിവാസം 40 വർഷമായിരുന്നു. അതായത് വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയ്ക്ക് അവർക്ക് 40 വർഷം വേണ്ടിവന്നു. അതിനു പുറമേ മോശ സീനായ് മലയിൽ 40 ദിവസവും ഏലിയാ പ്രവാചകൻ കാർമൽ മലയിൽ 40 ദിവസവും ഉപവസിച്ചതായും നാം കാണുന്നുണ്ട്.

ഇനി പുതിയ നിയമത്തിലേക്ക് കടന്നാൽ യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് 40 ദിവസം മരുഭൂമിയിൽ ജലപാനം പോലും ഇല്ലാതെ ഉപവാസം അനുഷ്ഠിച്ച് പ്രാർഥിച്ചു. യേശുവിന്റെ മരണാനന്തരം 40 മണിക്കൂർ കല്ലറയിൽ വിശ്രമിച്ചു എന്നതും ഒരു പാരമ്പര്യമാണ്. ഉത്ഥാനത്തിനുശേഷം ഭൂമിയിൽ ശിഷ്യന്മാരുമൊത്ത് അവിടന്ന് 40 ദിവസം ജീവിച്ചതും അവരോടുകൂടെ ഭക്ഷിച്ചും എല്ലാ കാര്യങ്ങളിലും അവിടന്ന് വ്യാപരിച്ചും കൊണ്ടാണ് ഈ നാല്പത് ദിനം കഴിച്ചുകൂട്ടിയത്. അങ്ങനെ പല ബൈബിൾ വിവരണങ്ങളാലും 40 എന്ന സംഖ്യയ്ക്ക് വലിയൊരു പ്രാധാന്യം കത്തോലിക്കാ സഭയിൽ വരുന്നുണ്ട്. അതിനെ പിന്തുടർന്നാണ് 40 ദിവസത്തെ നോമ്പ് എന്ന നിലയിൽ വലിയ നോമ്പുകാലം നിജപ്പെടുത്തിരിക്കുന്നത്.

സ്നേഹപൂർവം,
ക്ലീറ്റസച്ചൻ

റോക്കി രാജൻ

വലിയ നോമ്പും ഈസ്റ്ററും

ക്രിസ്തീയ വിശ്വാസികളായ നമ്മുടെ ഏറ്റവും വലിയ വിജയാഘോഷമാണല്ലോ. യേശുവിന്റെ തിരുവുത്ഥാനം. ആത്മാവിന്റെ മരണത്തെയും ശരീരത്തിന്റെ ജീർണതയെയും തോല്പിച്ചുകൊണ്ട് യേശുനാഥൻ ഉയിർത്തെഴുന്നേറ്റ വിജയദിനം. കഠിനമായ തണുപ്പ് കാലത്തിനു ശേഷം ഇസ്രായേൽ ദേശത്തെ സസ്യലതാദികളിലും മറ്റും പുതുജീവന്റെ നാമ്പുകൾ പ്രകടമാകുന്ന വസന്തകാലത്താണ് ക്രിസ്തുവിന്റെ തിരുവുത്ഥാനം സംഭവിക്കുന്നത്. അതായത്, പ്രകൃതി പോലും കഠിനമായൊരു ഭൂതകാലത്തെ അവിടെ അതിജീവിക്കുന്നുണ്ട്.

സ്നേഹമുള്ളവരേ, ജീവിതയാത്രയിലെ നിരവധിയായ ഭാരങ്ങളിൽ ക്ഷീണിതരാകുമ്പോൾ, പ്രയാസങ്ങളും സംശയങ്ങളും ഉയർന്നുവരുമ്പോൾ തുറന്നുകിടക്കുന്ന ശൂന്യമായ കല്ലറയുടെ വാതിൽ മനസ്സിൽ തെളിയണം. യേശുവിന്റെ സാന്നിധ്യവും ശക്തിയും തണലും നമുക്ക് അനുഭവിച്ചറിയാൻ സാധിക്കണം. പക്ഷേ, അതിന് കഠിനമായൊരു നോമ്പുകാലം പ്രാർഥനയോടെ, ഉപവാസത്തിലൂടെ, ദാനധർമ്മങ്ങളിലൂടെ നാം പിന്നിട്ടേ തീരൂ.

മാർച്ച് 31-ന് അവസാനിക്കുന്ന ഈ വർഷത്തെ വിൻസെൻഷ്യൻ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ആഴവും വ്യാപ്തിയും വിലയിരുത്താനും വേണ്ടതുപോലെ വർധിപ്പിക്കാനും ഈയൊരു നോമ്പുകാലം നമുക്ക് സഹായകമാകട്ടെ.

സ്നേഹപൂർവം,
സി.സി. പ്രസിഡന്റ്

JUBILEE 2025

PILGRIMS OF HOPE

ബിഷപ് അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

പ്രത്യാശയുടെ തീർഥാടകർ നാം!

(നാലുലക്കങ്ങളിലായി അവസാനിക്കുന്ന ജൂബിലി ലേഖന പരമ്പര...)

സന്താൻ ഡിസൂസയെ ഒരിക്കൽ കണ്ടാൽ, പരിചയപ്പെട്ടാൽ, പിന്നെ പെട്ടെന്നങ്ങ് മറക്കാനാവില്ല. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ കേന്ദ്ര കാര്യാലയമായ ഡൽഹിയിലെ സി.ബി.സി.ഐ. സെന്ററിൽ ദീർഘകാലം റിസപ്ഷനിസ്റ്റായിരുന്നു സന്താൻ. വെറും രണ്ടര അടി ഉയരമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും ഒരു ജീവിതത്തിനപ്പുറം വലിപ്പമുള്ള പ്രാഭവം ആ മനുഷ്യനുണ്ടായിരുന്നു! 1986-ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ സി.ബി.സി.ഐ. സെന്റർ സന്ദർശിച്ചപ്പോൾ പാപ്പായെ സ്വീകരിക്കാൻ ഒരു ചുവന്ന റോസാപ്പൂവുമായി മുൻനിരയിൽ സന്താൻ ഉണ്ടായിരുന്നു. സന്താനെ കണ്ടപാടേ, പാപ്പാ, പിതൃസഹജമായ വാത്സല്യത്തോടെ, കരങ്ങളിലെടുത്ത് സന്താനെ ഉയർത്തി. അവിസ്മരണീയമായ ആനന്ദ മുഹൂർത്തമായി മാറി, ആ ധന്യനിമിഷങ്ങൾ!

ജോൺ പോൾ രണ്ടാമൻ 1999-ൽ ഡൽഹിയിൽ വീണ്ടും വന്നെത്തിയപ്പോൾ 'തീർഥാടകനായ പാപ്പാ' തികച്ചും ക്ഷീണിതനായിരുന്നു. ചവിട്ടുപടികൾ കയറാൻ റാംപും നടക്കുമ്പോൾ ഊന്നുവടിയും ആവശ്യമായി വന്നു. പക്ഷേ, സന്താനെക്കണ്ടപ്പോൾ, ആ വാത്സല്യമുള്ള കണ്ണുകളിലൊരെണ്ണം മെല്ലെ ഇറുക്കി, ഇടത്തുകൈ ഉയർത്തി തന്റെ പഴയ 'സുഹൃത്തിനെ' സ്നേഹാഭിവാദനം ചെയ്തു. ഈ പ്രാവശ്യം സന്താൻ ഡിസൂസയെ പഴയതുപോലെ കൈകളിലെടുത്ത് ഉയർത്താനായില്ല! പക്ഷേ, 'ഏഷ്യയിലെ സഭ' എന്ന അപ്പസ്തോലിക പ്രബോധനം അന്ന് ഒപ്പുവച്ച് പ്രസാധനം ചെയ്യുകവഴി, ഏഷ്യയിലെ ക്രൈസ്തവരെ മുഴുവൻ പ്രതീകാത്മകമായി കൈകളാൽ ഉയർത്തി, ഉണർത്തി!

എക്ളേസിയ ഇൻആസിയ

നിഴലും അന്ധകാരവും നിലനില്ക്കുന്ന മേഖലകളിലേക്കും ഇടങ്ങളിലേക്കും സുവിശേഷത്തിന്റെ വെളിച്ചം പകരാനുള്ള ആഹ്വാനമാണ് ഡൽഹി, സേക്രഡ് ഹാർട്ട് കത്തീഡ്രലിൽ വച്ച് 1999 നവംബർ 6-ന് വിശുദ്ധ ജോൺ പോൾ പാപ്പാ ഒപ്പുവച്ച 'എക്ളേസിയ ഇൻ ആസിയ' അഥവാ 'ഏഷ്യയിലെ സഭ' എന്ന അപ്പോസ്തലിക പ്രബോധനം. അതിന്റെ ഏഴാം ഖണ്ഡികയിൽ പാപ്പാ പറഞ്ഞു: 'ഏഷ്യയിലെ സഭ ഒരു തീർഥാടക സഭയാണ്. ഇവിടത്തെ ജനതതിയുടെ ആധ്യാ

ത്മികവും ഭൗതികവുമായ വെല്ലുവിളികളിലേക്ക്, നവസുവിശേഷവത്കരണത്തിലൂടെ പ്രത്യാശപകർന്നുകൊടുക്കാൻ സഭയ്ക്ക് ഇന്ന് സാധിക്കണം'.

പ്രത്യാശയുടെ തീർഥാടനം

'ഏഷ്യയിലെ സഭ'യുടെ പ്രകാശനത്തിന്റെ 25 വർഷം പൂർത്തിയാകുമ്പോൾ നാമിപ്പോൾ 'ജൂബിലി 2025'-ൽ വന്നെത്തിയിരിക്കുന്നു. 'പ്രത്യാശയുടെ തീർഥാടകർ' എന്നതാണ് ജൂബിലി ആപ്തവാക്യം. മാത്രമല്ല, സിനഡാലിറ്റിയെപ്പറ്റിയുള്ള സിനഡിന്റെ സമാപനം കഴിഞ്ഞ് പുതിയൊരു പ്രതീക്ഷയുടെ കാലഘട്ടത്തിലാണ് നാം. സഭയിലാകമാനം നവീകരണത്തിന്റെ കുളിർകാറ്റു വീശിയ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 60-ാം വാർഷികത്തിലാണ് ഫ്രാൻസിസ് പാപ്പാ സിനഡാലിറ്റിയെപ്പറ്റിയുള്ള സിനഡ് ചിന്തകൾക്ക് 2021-ൽ കത്തോലിക്കാസഭയിലാകമാനം തുടക്കം കുറിച്ചത്. 2024 ഒക്ടോബർ 26-ന്, അതിന്റെ 'സമഗ്രമായ സമാപനരേഖ ദൈവജനത്തിന് മുഴുവനായി ഞാൻ നല്കുന്നു' എന്നു പറഞ്ഞുകൊണ്ടാണ് പാപ്പാ അത് അംഗീകരിച്ചത്. 'പുതിയ സഹസ്രാബ്ദത്തിൽ സഭയിൽ നിന്ന് ക്രിസ്തു ആവശ്യപ്പെടുന്ന പ്രവർത്തനശൈലിയാണ് സിനഡാത്മകത' എന്നും പാപ്പാ പറഞ്ഞു. അങ്ങനെ എല്ലാ അർഥത്തിലും നവീകരണത്തിന്റെ പ്രത്യാശാകാലയളവാണ്. ആത്മീയാനന്ദം നമ്മിൽ അലയടിക്കേണ്ട കാലം. അനുരഞ്ജിതരായി, കൂട്ടായ്മയിൽ കൈകോർത്ത് മുന്നോട്ടു ചരിക്കേണ്ട മുഹൂർത്തം. പ്രത്യാശയുടെ തീർഥാടകരും മിഷണറിമാരുമായി സഭയിലും സമൂഹത്തിലും കർമനിരതരാകാനുള്ള കാലഘട്ടം. (തുടരും)



25-ാം ചരമ വാർഷികം

മേരി ജോസഫ്

കളരിക്കൽ, മരട്

ജനനം : 16.06.1933

മരണം : 19.03.2000

എടത്തല സെന്റ് ജൂഡ് കോൺഫറൻസ് അംഗം
ബ്ര. മാർട്ടിൻ കളരിക്കലിന്റെ മാതാവ്

Advt.

വരാപ്പുഴ സി.സി. വാർഷികധ്യാന സംഗമം 2024

മാത്തച്ചൻ അറയ്ക്കൽ, പി.ആർ.ഒ.

വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെ പ്രതിവർഷ ധ്യാന സംഗമം 2024 ഡിസംബർ 15 ഞായറാഴ്ച ചാത്യാത്ത് പാരിഷ് ഹാളിൽ നടന്നു. 18 എ.സി. കളിൽ നിന്ന് 700 ഓളം പേർ പങ്കെടുത്ത ആത്മീയ വിരുന്നിൽ മുഖ്യാതിഥി വരാപ്പുഴ അതിരൂപതയുടെ പുതിയ സഹായ മെത്രാൻ അഭിവന്ദ്യ ഡോ. ആന്റണി വാലുങ്കൽ പിതാവായിരുന്നു.

കൃത്യം 9.30 – ന് പരിശുദ്ധാത്മഗാനത്തോടെ ധ്യാനപരിപാടികളിലേക്ക് കടന്നു. ബോർഡ് അംഗം ബ്ര. അശ്വിൻ ഫ്രാൻസിസ് പ്രാരംഭ പ്രാർഥന നടത്തി. എറണാകുളം നോർത്ത് എ.സി. പ്രസിഡന്റ് ബ്ര. സിറിൾ തച്ചപ്പിള്ളി ജ്ഞാനവായന നടത്തി. സി.സി. പ്രസിഡന്റ് ബ്ര. റോക്കി രാജൻ ഏവർക്കും സ്വാഗതം ആശംസിച്ചു. സ്ഥാനമേറ്റശേഷം സെൻട്രൽ കൗൺസിലിന്റെ പൊതുപരിപാടിയിൽ ആദ്യമായി പങ്കെടുക്കുന്ന അഭിവന്ദ്യപിതാവിന് ഏവരുടെയും പേരിലുള്ള ഹൃദ്യമായ സ്വാഗതം ഏറെ സന്തോഷത്തോടെ നേർന്നു. ധ്യാന ഗുരു ബഹുമാനപ്പെട്ട ലാസർ സിന്റോ അച്ചനും വിൻസെൻഷ്യൻ സമൂഹത്തിന്റെ ആത്മാർഥമായ ആശംസകളും സ്വാഗതവും പ്രസിഡന്റ് അറിയിച്ചു. നാഷണൽ കൗൺസിലിന്റെ 2025 – ലെ വാർഷിക സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നത് വരാപ്പുഴ സെൻട്രൽ കൗൺസിലിനാണ്. സെപ്തംബർ രണ്ടാം വാരത്തിൽ ആശീർഭവനിൽ വച്ചായിരിക്കും ഈ സുപ്രധാന സമ്മേളനം എ. ജി.എം.ന്റെ വിജയത്തിനായി എല്ലാവരുടെയും സഹകരണവും പ്രാർഥനയും പ്രസിഡന്റ് അഭ്യർഥിച്ചു. ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും ആശംസകൾ ഏവർക്കും നേർന്നു.

വിൻസെൻഷ്യൻ സമൂഹം എന്നും തനിക്ക് ഏറെ പ്രിയപ്പെട്ടതാണെന്ന് ആമുഖമായി വാലുങ്കൽ പിതാവ് പറഞ്ഞു. താൻ സേവനം ചെയ്ത പള്ളികൾ – കലൂർ, വാടേൽ, കർത്തേടം, വല്ലാർപാടം – എല്ലായിടത്തും വളരെ നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ജൂബിലിവർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായി, വിൻസെൻഷ്യൻസ് പ്രേഷിത ചൈതന്യമുള്ളവരായി മുന്നേറണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു.

ആത്മീയോപദേഷ്ടാവ് മോൺ. ക്ലീറ്റസ് പറമ്പലോത്ത് ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

തുടർന്ന് ധ്യാനമായിരുന്നു. രഹസ്യാത്മകതയാണ് സൊസൈറ്റിയുടെ സ്വഭാവം. കരുണയോടെ പാവപ്പെട്ടവനെ സഹായിക്കുന്നവർ കർത്താവിനാണു കൊടുക്കുന്നത്. ദിവ്യബലിക്ക് ബഹുമാനപ്പെട്ട ആന്റണി റാഫേൽ കൊമരഞ്ചാത്ത് അച്ചൻ മുഖ്യകാർമികനായി.

കൂനമ്മാവ് എസി പ്രസിഡന്റ് ബ്ര. സിജോ കളത്തിപ്പറമ്പിൽ സമാപന പ്രാർഥന ചൊല്ലി. 39,078 രൂപ രഹസ്യപ്പിരിവ് ലഭിച്ചു.

ഓസാനം ഫെസ്റ്റ് 2025

ജീസ്ന ജോസഫ്, യുവജനപ്രതിനിധി

കെ.ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി എല്ലാ വർഷവും നടത്തി വരുന്ന 'ഓസാനം ഫെസ്റ്റ്' ഈ വർഷവും 2025 ജനുവരി 11 ശനിയാഴ്ച രാവിലേ 9.30 മുതൽ എറണാകുളം സെന്റ് ആൽബർട്സ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്നു. വരാപ്പുഴ അതിരൂപതാ പി.ആർ.ഒ. റവ.ഫാ. യേശുദാസ് പഴമ്പിള്ളി ഉദ്ഘാടനം നിർവഹിച്ചു. കെ.ആർ.സി.സി. യുവജനകമ്മിറ്റിയുടെ നേതൃത്വത്തിൽ തലേദിവസം തന്നെ ഒരുക്കങ്ങളെല്ലാം പൂർത്തീകരിച്ചു. എല്ലാവർഷത്തെയും പോലും പോലെ ഇത്തവണയും പ്രസംഗം, ഭക്തിഗാനം, ക്വിസ്, ജലച്ചായം എന്നിവയിൽ മത്സരങ്ങൾ ഉണ്ടായിരുന്നു. സീനിയർ മെമ്പർക്കും ഇത്തവണ ക്വിസ്, ഉപന്യാസം, പ്രസംഗം ഭക്തിഗാനം എന്നിവ കൂടി ഉൾപ്പെടുത്തിയിരുന്നു.

19 സി.സി.കൾ രജിസ്ട്രർ ചെയ്തതിൽ 17 സി.സി.കകളിൽ നിന്നായി ഏകദേശം 200 കുട്ടികൾ പങ്കെടുത്തു. കെ.ആർ.സി.സി. കോ-ഓർഡിനേറ്റർ ബ്ര. തോമസ് പുലിക്കോട്ടിൽ പതാക ഉയർത്തി. ഓസാനംഫെസ്റ്റിന്റെ ഒന്നാം സ്ഥാനം കോതമംഗലം സി.സി.യും രണ്ടാം സ്ഥാനം എറണാകുളം സി.സി.യും മൂന്നാം സ്ഥാനം നെയ്യാറ്റിൻകര സി.സി.യും കരസ്ഥമാക്കി.

വാരാപ്പുഴ സി.സി.വിജയികൾ :

ജലച്ചായം : (യൂത്ത് മെമ്പർ) **ഷിമ്മി എലിസബത്ത്** (എറണാകുളം സൗത്ത് എ.സി., ഒന്നാം സ്ഥാനം)

ജലച്ചായം (യൂത്ത് നോൺ മെമ്പർ) : **അദീന നിക്സൺ** (തോട്ടക്കാട്ടുകര എ.സി., ഒന്നാം സ്ഥാനം)

പ്രസംഗം : **ആർഷ സെബാസ്റ്റ്യൻ** (വരാപ്പുഴ എ.സി. മൂന്നാം സ്ഥാനം)

വരാപ്പുഴ സി സി വിദ്യാഭ്യാസസഹായനിധി

സി. എമിലി സൈമൺ, എഡ്യൂക്കേഷൻ ഓഫീസർ

വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ വിദ്യാഭ്യാസ സഹായ തുക ഫെബ്രുവരി 2-ന് വിതരണം ചെയ്തു. വരാപ്പുഴ അതിരൂപതയിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരും പഠിക്കാൻ സമർഥരുമായ വിദ്യാർഥികൾക്കു വേണ്ടി രൂപപ്പെടുത്തിയ പദ്ധതിയാണിത്. '150-ാം വാർഷിക സ്മാരക പദ്ധതി' എന്ന വിഭാഗത്തിൽ, നാലോ അതിലധികമോ വർഷം സാങ്കേതിക പഠനം നടത്തുന്ന വിദ്യാർഥികൾക്കും, '175-ാം വാർഷിക സ്മാരക പദ്ധതി' എന്ന വിഭാഗത്തിൽ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കും 'എഫ്ഫാത്ത' എന്ന വിഭാഗത്തിൽ, പത്താം ക്ലാസ്സിനു മുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കുമാണ് ഈ സഹായം നല്കിപ്പോരുന്നത്.

ഈ വർഷം, താഴെ പറയുന്ന പ്രകാരം, ആകെ 51 കുട്ടികൾക്കായി 3,59,000 രൂപ വിതരണം ചെയ്തു.

150-ാം വാർഷിക സ്മാരക പദ്ധതി' എന്ന വിഭാഗത്തിൽ എം.ബി.ബി.എസിന് രണ്ട് കുട്ടികൾക്ക് 12000 രൂപ വീതം 24000 രൂപയും ബി.എസ്.സി. നഴ്സിങ്, ബി.ടെക് വിഭാഗങ്ങളിലായി 40 കുട്ടികൾക്ക് 7000 രൂപ വീതം 280000 രൂപയും 175-ാം വാർഷിക സ്മാരക പദ്ധതി' എന്ന വിഭാഗത്തിൽ, പി.ജി. വിഭാഗത്തിൽ 4 കുട്ടികൾക്ക് 5000 രൂപ വീതം 20000 രൂപയും എഫ്ഫാത്തയിൽ 10-ാം ക്ലാസ്സിനുമുകളിൽ വന്ന 5 കുട്ടികൾക്ക് 7000 രൂപ വീതം 35000 രൂപയും ആകെ 51 കുട്ടികൾക്കായി 359000 രൂപയും നല്കി.

കോൺഫറൻസുകൾ സമാഹരിക്കുന്ന അയ്യായിരമോ അതിനു മുകളിലോ ഉള്ള തുകയ്ക്കുള്ള എൻഡോവ്മെന്റുകളിൽ നിന്നുള്ള വരുമാനവും 500 രൂപ വീതമുള്ള രണ്ടോ അതിൽ കൂടുതലോ സ്കോളർഷിപ് തുകകളും ചേർത്താണ് ഓരോ വർഷവും ഈ പദ്ധതി വിജയകരമായി നടത്തിപ്പോരുന്നത്.

എല്ലാ കോൺഫറൻസുകളുടെയും ഉദാരമായ പിന്തുണയ്ക്ക് ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം വിദ്യാഭ്യാസ സഹായം സ്വീകരിച്ച എല്ലാ വിദ്യാർഥികൾക്കും മാതാപിതാമ്മാർക്കും ആശംസകൾ നേരുകയും ചെയ്യുന്നു.

ക്രിസ്താനുകരണം

തോമസ് അക്കമ്പിസ്

ഓ! ഈശോ, എന്റെ ആത്മാവിനെ രക്ഷിക്കാൻ ഞാൻ അങ്ങയെ അറിഞ്ഞാൽ മാത്രം പോരാ. വാക്കിലും പ്രവൃത്തിയാലും അങ്ങു പഠിപ്പിച്ചിട്ടുള്ളവയെല്ലാം ഞാൻ അഭ്യസിക്കുകയും വേണം.. അതായത്, എന്റെ മതം പഠിച്ച് ഞാൻ പ്രാവർത്തികമാക്കണം. എത്രയും വിശിഷ്ടമായ ഈ അനുഗ്രഹമാണ് ഞാൻ ചോദിക്കുന്നത്. അത് അങ്ങ് എനിക്കുതരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ആമേൻ

2025 സെപ്തംബർ മാസം വരാപ്പുഴ സി.സി. ആതിഥേയത്വം വഹിക്കുന്ന 71-ാമത് എ.ജി.എം.ന്റെ കമ്മിറ്റി അംഗങ്ങൾ

***രക്ഷാധികാരി* – മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**

***സഹരക്ഷാധികാരി* – റൈറ്റ് റവ.ഡോ. ആന്റണി വാലുങ്കൽ**

ഉപദേശക സമിതി അംഗങ്ങൾ

മോൺ. ക്ലീറ്റസ് പറമ്പലോത്ത്, വെരി. റവ. ഫാ. എബിജിൻ അറയ്ക്കൽ, റവ. ഫാ. വിൻസെന്റ് വാര്യത്ത്, ബ്ര. റാഫേൽ കളത്തിവീട്ടിൽ, ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി, ബ്ര.സേവ്യർ ജയിംസ് നെടുംപറമ്പിൽ, ബ്ര. ടി.പി. ജേക്കബ്ബ്, സി.സെലിൻ കളത്തിവീട്ടിൽ, ബ്ര.റോക്കി രാജൻ

***ജനറൽ കൺവീനർ* : ബ്ര. ആന്റണി കുറ്റിശ്ശേരി**

Delegates' Travel Plan & Arrangements – ബ്ര. ഫ്രാൻസിസ് ജോസഫ്, സി. ജിസ്ന ജോസഫ്, ബ്ര. അശ്വിൻ ആന്റണി, ബ്ര. ഷിബു ജോയ് കാനപ്പിള്ളി, ബ്ര. റോയ് റിപ്പൺ

റിസപ്ഷൻ – ബ്ര. മാത്തച്ചൻ അറയ്ക്കൽ, ബ്ര. ഇമ്മാനുവൽ വാഴുവേലി, സി. ബിൽഫി സെബാസ്റ്റ്യൻ, ബ്ര. ജാക്സൺ നെല്ലിക്കൽ, ബ്ര. ജെറി ജോസഫ്

അക്കോമഡേഷൻ – ബ്ര. ജോയ് കെ ദേവസ്സി, ബ്ര. നെൽസൺ കൊറയ, ബ്ര. റെക്സ് അമ്പലത്തുംപറമ്പിൽ, അഡ്വ. ആന്റണി ബെനെഡിക്റ്റ്, ശ്രീ. സിറിൽ, മാനേജർ, ആശീർഭവൻ

വോളന്റിയേഴ്സ് – ബ്ര. ആൽജിൻ ജോസഫ്, ബ്ര. സിറിൽ തച്ചപ്പിള്ളി, ബ്ര. ജിതിൻ കാച്ചപ്പിള്ളി, ബ്ര. ഡോയൽ വർഗീസ്, ബ്ര. നിധിൻ ഡോമിനിക്

ലിറ്റർജി – സി. എമിലി സൈമൺ, ബ്ര. ഫ്രാൻസിസ് ഹെൻറി, ബ്ര. അഗസ്റ്റിൻ, ബ്ര. ജോസഫ് കേളന്തറ, സി. ഷെറിൻ, ഇൻഫന്റ് ജീസസ് കോൺഫറൻസ്

ഫുഡ് – ബ്ര. ജോസി അറയ്ക്കൽ, ബ്ര. ഷൈജു ജോർജ്, ബ്ര. ആന്റണി കീഴവന ബ്ര. ഷൈജു ചെറിയകടവിൽ, സി. റോസി സ്റ്റാൻലി

സ്റ്റേഷനറി & ഡോക്യുമെന്റേഷൻ – ബ്ര. ടി.എം. ജോസഫ് തൈപ്പറമ്പിൽ, സി. ആനി ജോസഫ്, ബ്ര. അംബ്രോസ് ചാണയിൽ, ബ്ര. ആന്റണി തുണ്ടത്തിൽ, സി. കൊച്ചുത്രേസ്യ സൈമൺ

ഫിനാൻസ് – ബ്ര.പയസ് പഴങ്ങാട്ട്, ബ്ര.സിജോ കളത്തിപ്പറമ്പിൽ, ബ്ര. ബെന്നി പാണംപറമ്പിൽ

തീർഥാടനം – ബ്ര. ബാബു കൊമരോത്ത്, ബ്ര. വിൽസൺ പാണക്കാട്ട്, ബ്ര. ജിബി മാതിരപ്പിള്ളി

എറണാകുളം സൗത്ത് എ സി. ഗോവാ തീർഥാടനം

ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലൻ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുശേഷിപ്പ് വണങ്ങുന്നതിനായി എറണാകുളം സൗത്ത് എ.സി.യിലെ 9 കോൺഫറൻസുകളിൽ നിന്ന് 54 പേർ അടങ്ങുന്ന ഒരു സംഘം 2024 ഡിസംബർ 19-ന് ഗോവയിലേക്ക് പുറപ്പെട്ടു. ട്രെയിനിൽ ആയിരുന്നു യാത്ര. ഉച്ചയ്ക്ക് ഒരു മണിയോടെ പുറപ്പെട്ട് പിറ്റേദിവസം വെളുപ്പിന് നാലര മണിയോടെ ഗോവയിൽ എത്തിച്ചേർന്നു. ബസ്സുകളിലായി അടുത്തുള്ള താമസസ്ഥലത്തേക്ക് നീങ്ങി. പ്രഭാത ഭക്ഷണം കഴിഞ്ഞ് 9 മണിക്ക് പള്ളിയിലേക്ക് പോയി.

സ്പെയിനിലെ ഒരു പ്രഭുകുടുംബത്തിൽ ജനിച്ച വിശുദ്ധ ഫ്രാൻസിസ് സേവ്യർ പാരീസിലെ സർവകലാശാലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. ബിരുദാനന്തര ബിരുദം നേടിയ ശേഷം അവിടെത്തന്നെ തത്ത്വശാസ്ത്രം പഠിപ്പിച്ചു തുടങ്ങി. 1540 - ൽ അദ്ദേഹം സുവിശേഷ പ്രഘോഷണത്തിനായി ഗോവയിൽ എത്തിച്ചേർന്നു. ഗോവയിൽ വിശുദ്ധൻ പ്രായപൂർത്തിയായവർക്ക് പ്രബോധനങ്ങൾ നല്കുകയും തെരുവിൽ മണിയടിച്ചു കുട്ടികളെകൂട്ടി അവർക്ക് വേദപാഠങ്ങൾ പകർന്നുനല്കുകയും ആശുപത്രികളും തടവറകളും സന്ദർശിക്കുകയും ചെയ്തു.

1551-ൽ ജപ്പാനിൽ നിന്ന് തിരിയെ ഇന്ത്യയിലേക്കുള്ള യാത്രയിൽ ചൈനയിലെ സാഞ്ചിയൻ ദ്വീപിലെ കാന്റൺ നദിമുഖത്ത് എത്തിയപ്പോഴേക്കും വിശുദ്ധന് പനി ബാധിക്കുകയും ചുട്ടുപൊള്ളുന്ന മണലിൽ വിശുദ്ധൻ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. എന്നാൽ അൾവാരസ് എന്ന ഒരു പാവപ്പെട്ട മനുഷ്യൻ വിശുദ്ധനെ കാണുകയും തന്റെ കുടിലിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു. 1552 ഡിസംബർ മൂന്നിന് വിശുദ്ധൻ മരണമടഞ്ഞു. 'കർത്താവേ, നിന്നിൽ പ്രത്യാശ വച്ച എന്നെ നിത്യനിരാശതയിൽ വീഴ്ത്തരുതേ.' എന്ന പ്രാർഥനയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യമൊഴി.

സാഞ്ചിയൻ ദ്വീപിലെ കടൽത്തീരത്താണ് ഫ്രാൻസിസ് സേവ്യറുടെ മൃതദേഹം ആദ്യം സംസ്കരിച്ചത്. എന്നാൽ 1553 മാർച്ച് മാസം മൃതദേഹം പോർച്ചുഗൽ അധീനതയിലായിരുന്ന മലാക്കയില വിശുദ്ധ പൗലോസിന്റെ ദേവാലയത്തിലേക്ക് മാറ്റി. ആ വർഷം ഡിസംബറിൽ ഫ്രാൻസിസ് സേവ്യറുടെ ശരീരം കപ്പൽ മാർഗം ഗോവയിലേക്ക് കൊണ്ടുവന്നു. ഇപ്പോൾ അത് ഗോവയിലെ ബോം ജീസസ് ബസിലിക്കയിൽവണങ്ങപ്പെടുന്നു. 1622 മാർച്ച് 12-ന് പോപ്പ് ഗ്രിഗറി പതിനഞ്ചാമൻ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. വിശുദ്ധ പത്താം പീയൂസ് പാപ്പാ വിശുദ്ധ ഫ്രാൻസിസിനെ വിദേശ സുവിശേഷകദൗത്യങ്ങളുടെയും സുവിശേഷ പ്രവർത്തനങ്ങളുടെയും മധ്യസ്ഥനായി പ്രഖ്യാപിച്ചു.

ബോം ജീസസ് ബസിലിക്കയിൽ മുകൾഭാഗത്തു സൂക്ഷിച്ചിരിക്കുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ തിരുശരീരം 10 വർഷത്തിലൊരിക്കൽ താഴെയിറക്കി Se cathedral ലേക്ക് കൊ

ണ്ടുവന്ന് പരസ്യ വണക്കത്തിന് അനുവദിക്കുന്നു. രാവിലേ 7 മണി മുതൽ 6 മണി വരെയാണ് പരസ്യ വണക്കം അനുവദിക്കുന്നത്. ഇപ്രാവശ്യം 2024 നവംബർ 21 മുതൽ 2025 ജനുവരി 5 വരെയായിരുന്നു പൊതുദർശനം അനുവദിച്ചത്. പതിനെട്ടാം തവണയാണ് പൊതുദർശനത്തിന് വയ്ക്കുന്നത്. വിപുലമായ ഒരുക്കങ്ങളാണ് തീർഥാടകരെ സ്വീകരിക്കാൻ ഇപ്രാവശ്യം സംഘാടകർ നടത്തിയിരുന്നത്. അതിനാൽ തിരക്ക് കൂടാതെ വിശുദ്ധനോട് പ്രാർഥിക്കാനും തിരുശരീരം വണങ്ങാനും സാധിച്ചു. എല്ലാവർക്കും അത് നല്ല ഒരു അനുഭവമായിരുന്നു.

ഗോവയിൽ അനേകം ബീച്ചുകൾ ഉണ്ട്. ഓരോ ബീച്ചിനും അതിന്റേതായ പ്രത്യേകതകളും ഉണ്ട്. Bhaga ബീച്ച്, Colva ബീച്ച്, Agonda ബീച്ച്, Anjuna ബീച്ച്, Dona Paula... ഇതിൽ മൂന്നാല് ബീച്ചുകളിൽ ഞങ്ങൾ പോയി. Aguda fort സന്ദർശിച്ചു. ഇരുപത്തൊന്നാം തീയതി വൈകുന്നേരം ഗോവയിൽ നിന്നു മടങ്ങി. എല്ലാവർക്കും മനസ്സിന് സന്തോഷവും ആത്മീയഉണർവും നല്കിയ ഒരു തീർഥാടനമായിരുന്നു ഇത്.

തേവര സെന്റ് ജോസഫ് കോൺഫറൻസ് ക്രിസ്തുമസ്സിനോടനുബന്ധിച്ച് 10 കോൺഫറൻസ് അംഗങ്ങൾ 24-ാം തീയതി ഒരുമിച്ചുകൂടുകയും ദത്തുകുടുംബം സന്ദർശിക്കുകയും ചെയ്തു. ക്രിസ്തുമസ്സിന് സ്നേഹോപഹാരമായി 14 കുടുംബങ്ങൾക്ക് 1000 രൂപ വീതം നല്കി. കൂടാതെ ഇടവക വികാരി ബഹു. ജൂഡിസ് അച്ചൻ തന്റെ ഒരു സ്നേഹിതനിൽ നിന്ന് ലഭിച്ച 12 ഭക്ഷ്യ കിറ്റും ഞങ്ങൾക്ക് നല്കുകയും അത് അർഹതയുള്ള 12 കുടുംബങ്ങളെ കണ്ടെത്തി നല്കുകയും ചെയ്തു. അവശത അനുഭവിക്കുന്ന വ്യക്തികളെ സന്ദർശിക്കുകയും അവരോടൊപ്പം കുറച്ചുനേരം നല്ല സന്ദേശങ്ങളിലൂടെ ചെലവഴിക്കുകയും ചെയ്തു .

വൈറ്റില സെന്റ് പാട്രിക് കോൺഫറൻസ് ക്രിസ്തുമസ്സിനോടനുബന്ധിച്ച് 24 കുടുംബങ്ങൾക്ക് 500 രൂപ വീതം നല്കി.

അംബികാപുരം വ്യാകുല മാതാ കോൺഫറൻസ് അംഗങ്ങൾ ക്രിസ്തുമസിനു മുന്നോടിയായി ഏകയായി താമസിക്കുന്ന ഒരു ദത്തുകുടുംബാംഗത്തെ സന്ദർശിച്ച് കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു. പതിവുപോലെ ഈ വർഷവും എല്ലാ ദത്തു കുടുംബങ്ങൾക്കും ക്രിസ്മസ് കിറ്റും കേക്കും സഹായധനവും നല്കി. എല്ലാവർഷവും നവംബർ ഒന്നാം തീയതി നടത്തുന്ന ഫുഡ് ഫെസ്റ്റിൽ നിന്ന് ലഭിക്കുന്ന ലാഭവിഹിതമാണ് ഇതുപോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നത്. അതിന്റെ ഒരു വിഹിതം മിഷൻ ഫണ്ടിലേക്കും നല്കി വരുന്നു.

കടവന്ത്ര ഓൾ സെയിന്റ്സ് വിമൻസ് കോൺഫറൻസ് ദത്തുകുടുംബങ്ങൾക്ക് സാമ്പത്തിക സഹായം കൂടാതെ ക്രിസ്മസ് കേക്കും ബെഡ്ഷീറ്റും നല്കുകയുണ്ടായി.

എളംകുളം ഫാത്തിമ മാതാ കോൺഫറൻസ് 18 ദത്ത് കുടുംബങ്ങൾക്ക് കേക്ക് സഹിതം 1489 രൂപയുടെ കിറ്റ് ക്രിസ്മസിനോടനുബന്ധിച്ച് നല്കി

എറണാകുളം ഈസ്റ്റ് എ.സി.

ചെമ്പുമുക്ക് സെന്റ് മൈക്കൾസ് കോൺഫറൻസ് 10.11.2024 ഞായറാഴ്ച നടന്ന എ.സി. യോഗത്തിൽ കോൺഫറൻസ് സ്ഥാപകപ്രവർത്തകനും സീനിയർ വൈസ്പ്രസിഡന്റും മുൻ സി.സി. ബോർഡ് അംഗവുമായ പൈലിച്ചേട്ടൻ എന്നുവിളിക്കുന്ന ബ്ര. പൈലിയെ പൊന്നാടയണിച്ച് ആദരിക്കുകയുണ്ടായി. ബഹു.വികാരി ജോസഫ് തട്ടാരശ്ശേരി ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വവും ആശീർവാദവും നല്കി.

വെണ്ണല അഭയമാതാ കോൺഫറൻസ് ബഹു. വികാരി ബാബു വാവക്കാട്ടിന്റെ ആധ്യാത്മിക നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷവും സഹായ വിതരണവും സംഘടിപ്പിച്ചു. എറണാകുളം ഈസ്റ്റ് എ.സി. പ്രസിഡന്റ് ബ്ര. ഷൈജു ആദപ്പിള്ളി, സീനിയർ വൈസ് പ്രസിഡന്റ് ബ്ര. സെബാസ്റ്റ്യൻ മാവേലി, ട്രഷറർ ബ്ര. തോമസ്, കോൺഫറൻസ് പ്രസിഡന്റ് ബെന്നി കണക്കനാട്ട് എന്നിവരും സന്ദേശം നല്കി. കോൺഫറൻസ് സീനിയർ പ്രസിഡന്റ് ബ്ര. നെൽസണെ പൊന്നാടയണിയിച്ച് ആദരിച്ചു. ക്രിസ്തുമസ് സമ്മാനമായി 30 കോട്ടൺ ബെഡ് ഷീറ്റ് നല്കി.

പാലാരിവട്ടം ഔവർ ലേഡി ഓഫ് ഇമ്മാക്യുലേറ്റ് കൺസപ്ഷൻ കോൺഫറൻസ് ക്രിസ്തുമസ് സമ്മാനമായി 52 കുടുംബങ്ങൾക്ക് 2500 രൂപ വീതവും 3 കിടപ്പുരോഗികൾക്ക് 5000 രൂപ വീതവും 15000 രൂപ നല്കി.

പാലാരിവട്ടം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് കോൺഫറൻസ് അംഗങ്ങൾ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ആലപ്പുഴ പാതിരപ്പിള്ളിയിലെ കാരുണ്യാലയം സന്ദർശിച്ചു. മാനസിക ഭിന്നശേഷിക്കാരായ 74 രോഗികളെ പരിചരിക്കുന്ന കൊച്ചി രൂപതയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണിത്. ഇവിടെയുള്ള 46 പുരുഷന്മാർക്കുള്ള ഷർട്ടുകൾ അവിടത്തെ സിസ്റ്ററെ ഏല്പിച്ചു. ഇതിൽ പാലാരിവട്ടം സ്വദേശിയായ ഒരു രോഗി കോൺഫറൻസിന്റെ ദത്തുവ്യക്തിയാണ്. അതിനാൽ, മാസംതോറും ദത്തുതുക നല്കി വരുന്നു.

മംഗലപ്പുഴ എ.സി.

മരിയാപുരം സ്വർഗറാണി കോൺഫറൻസിന്റെ നേതൃത്വത്തിൽ ഡിസം

ബർ മാസം രോഗികൾക്കായി പ്രത്യേക ദിവ്യബലി, രോഗീലേപനം, ക്രിസ്തുമസ്സ് ആഘോഷം എന്നിവ നടത്തി. ബഹു. വികാരിയച്ചൻ റവ. ഫാ. ജെയ്സൺ നെടുംപറമ്പിലിന്റെയും കൊച്ചച്ചൻ റവ. ഫാ. അഖിൽ ജോസഫ് അച്ചന്റെയും നേതൃത്വത്തിൽ ഡിസംബർ 23-ന് ഉച്ചതിരിഞ്ഞു 2.30 ന് ദിവ്യബലിയോടെയാണ് പരിപാടികൾ ആരംഭിച്ചത്. 2 മണിക്കു തന്നെ ഇടവകയിലെ ഭൂരിഭാഗം രോഗികളും എത്തിച്ചേർന്നു. അച്ചന്മാർ അവർക്ക് കുമ്പസാരം നടത്തി. അതിനുശേഷം ആഘോഷപൂർവകമായ ദിവ്യബലി നടത്തി. കൂടാതെ രോഗീലേപന കൂദാശയും നല്കി. ദിവ്യബലിക്കു ശേഷം ക്രിസ്തുമസ് ആഘോഷങ്ങൾ ആരംഭിച്ചു. വികാരിയച്ചൻ ക്രിസ്തുമസ്സ് കേക്ക് മുറിച്ച് എല്ലാവർക്കും വിതരണം ചെയ്തു കൂടാതെ കേക്ക്, വൈൻ എന്നിവയും തുടർന്ന് ചായ സല്ക്കാരവും നടത്തി. പങ്കെടുത്ത എല്ലാവർക്കും ക്രിസ്തുമസ്സ് സമ്മാനപ്പൊതിയും നല്കി.

അന്നത്തെ പരിപാടികൾ എല്ലാ ഇടവകാംഗങ്ങൾക്കും കുർബാനയിൽ സംബന്ധിച്ച എല്ലാ രോഗികൾക്കും ഒത്തിരി സന്തോഷം നിറഞ്ഞ ഓർമ ആയിരുന്നു. രോഗീലേപനവും വിശുദ്ധ കുർബാനയും സ്വീകരിക്കാൻ സാധിച്ചതിൽ അവരിൽ ഒത്തിരി സന്തോഷം കാണാൻ സാധിച്ചു. ഇങ്ങനെ ഒരു അവസരം ഒരുക്കിയതിന് സ്വർഗറാണി കോൺഫറൻസിന് വികാരി അച്ചനും ഇടവകാംഗങ്ങളുടെ പ്രതിനിധിയായി സെൻട്രൽ കമ്മിറ്റി പ്രസിഡന്റും നന്ദി പറഞ്ഞു.

ക്രിസ്തുമസിനോട് അനുബന്ധിച്ചു 10 നിർധനകുടുംബങ്ങൾക്ക് ക്രിസ്തുമസ്സ് ഭക്ഷ്യകിറ്റ് നല്കി. കൂടാതെ ക്രിസ്തുമസ് ദിവസം ഇടവകയിലെ എല്ലാ കിടപ്പുരോഗികളെയും പോയി കാണുകയും അവർക്ക് പലഹാരങ്ങൾ നല്കി അവരോടൊപ്പം കുറച്ചു സമയം ചെലവഴിക്കുകയും ചെയ്തു. മരിയാപുരം ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് വികാരിയച്ചൻ നന്ദി അറിയിക്കുകയുണ്ടായി.

സെന്റ് ജോൺസ് കോൺഫറൻസ് ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഇടവകയിലെ 32 നിർധന കുടുംബങ്ങൾക്ക് 1200 രൂപ വില വരുന്ന ക്രിസ്തുമസ്സ് ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തി. ഇത്തവണ ഇടവക ദേവാലയത്തിലെ തിരുപ്പിറവിയോടനുബന്ധിച്ച് ഒരുക്കിയ പുല്ക്കൂട് നിർമിച്ചു നല്കിയതും കോൺഫറൻസ് അംഗങ്ങളുടെ നേതൃത്വത്തിൽ ആയിരുന്നു.

തൈക്കൂടം എ.സി.

പനങ്ങാട് സെന്റ് ആന്റണീസ് കോൺഫറൻസിന്റെയും സെന്റ് സെബാസ്റ്റ്യൻസ് (വനിത) കോൺഫറൻസിന്റെയും ആഭിമുഖ്യത്തിൽ ജനുവരി 4-ന് രോഗവും, വാർധക്യവും മൂലം ദേവാലയത്തിൽ വരാൻ സാധിക്കാത്തവരും, എന്നാൽ വരാൻ ആഗ്രഹമുള്ളവരും വന്നിരിക്കാൻ സാധിക്കുന്നവരുമായ സഹോദരങ്ങളെ ദേവാലയത്തിൽ എത്തിക്കുകയും, ബഹു.റോബിൻ ഡാനിയൽ കപ്പൂച്ചിൻ അച്ചൻ ദിവ്യബലി അർപ്പിച്ച് പ്രാർഥിക്കുകയും, സ്നേഹോപദേശങ്ങൾ നല്കുകയുംചെയ്തു.

സെന്റ് ആന്റണീസ് കോൺഫറൻസ് അംഗവും വരാപ്പുഴ സി.സി.യുടെ

മുതിർന്ന ഉപദേഷ്ടാവുമായ ബഹു. ബ്ര. ഡോ. പ്രീമൂസ് പെരിഞ്ചേരി ബഹു. റോബിൻ അച്ചനും ഈ സ്നേഹശുശ്രൂഷ നടത്താൻ താത്പര്യവും അനുവാദം നല്കിയ ഇടവക വികാരി ബഹു. വില്യം നെല്ലിക്കൽ അച്ചനും വന്നുചേർന്ന എല്ലാ സഹോദരങ്ങൾക്കും നന്ദി പറയുകയും ചെയ്തു.

തുടർന്ന്, അവർക്കായി ഒരുക്കിയിരുന്ന സ്നേഹവിരുന്നിൽ എല്ലാവരും സന്തോഷത്തോടെ സംബന്ധിച്ച് ഉപഹാരം സ്വീകരിച്ചതിനുശേഷം, എല്ലാവരെയും തിരിയെ വീടുകളിലേക്ക് എത്തിക്കുകയും ചെയ്തു.

ഈ സ്നേഹ ശുശ്രൂഷ ഭംഗിയാക്കാൻ ചുക്കാൻ പിടിച്ച തൈക്കുടം എ.സി. പ്രസിഡന്റും സെന്റ് ആന്റണീസ് കോൺഫറൻസ് അംഗവുമായ ബഹു. ബ്ര. ജോസഫ് കേളന്തറയെയും സെന്റ് ആന്റണീസ് കോൺഫറൻസ് പ്രസിഡന്റ് ബഹു. ബ്ര. ജോയ് മാളംകുഴിയെയും ഇവരോട് സഹകരിച്ച രണ്ടു കോൺഫറൻസുകളിലെ അംഗങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ

കലൂർ എ.സി.

ക്രിസ്തുമസ് ആഘോഷം

കലൂർ എ.സി.യിലെ 8 കോൺഫറൻസകുളിലും 2024-ലെ ക്രിസ്തുമസ് വിവിധ പരിപാടികളോടെ ആഘോഷിച്ചു. എല്ലാ കോൺഫറൻസുകളും ദത്തുകുടുംബങ്ങൾക്ക് സാധാരണ നല്കുന്ന സഹായങ്ങൾക്കുപുറമേ പ്രത്യേക സഹായങ്ങളും സമ്മാനങ്ങളും നല്കിയാണ് ക്രിസ്തുമസ് ആഘോഷിച്ചത്.

കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ കോൺഫറൻസ് 28 ക്രിസ്തുമസ് കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ 15 പേർക്ക് 1000 രൂപ വീതവും ഒരാൾക്ക് 500 രൂപയും ധനസഹായമായി നല്കി.

കലൂർ സെന്റ് ആന്റണീസ് കോൺഫറൻസ് സാധാരണ പ്രതിമാസം നല്കാറുള്ള 9500 രൂപയ്ക്ക് പുറമേ 12000 രൂപ വിലയുള്ള അധിക സമ്മാനങ്ങളും ഒരു ചാക്ക് അരിയും പ്രത്യേകമായി നല്കി.

ജോൺ പോൾ യൂത്ത് കോൺഫറൻസ് പേരണ്ടൂർ പ്രതിമാസം നല്കാറുള്ള സഹായത്തിനുപുറമേ ദത്തുകുടുംബങ്ങൾക്ക് 500 രൂപ അധികമായി നല്കി. ഒരു കാൻസർ രോഗിക്ക് 3000 രൂപയും നല്കി.

സെന്റ് സെബാസ്റ്റ്യൻ കോൺഫറൻസ് ഗാന്ധിനഗർ ദത്തുകുടുംബങ്ങൾക്ക് സാധാരണ നല്കുന്ന സഹായങ്ങൾക്കുപുറമേ 500 രൂപ വീതം അധികമായി നല്കി.

പുതുക്കലവട്ടം ലിറ്റിൽഫ്ളവർ കോൺഫറൻസ് സാധാരണ നല്കുന്ന സഹായത്തിനുപുറമേ 25 പേർക്ക് 1000 രൂപയും 10 കിലോ അരിയും ഒരാൾക്ക് 1500 രൂപയും 10 കിലോ അരിയും ഒരു സഹോദരിക്ക് 500 രൂപയും അരിയും അടക്കം 27000 രൂപയുടെ സഹായം നല്കി.

പൊറ്റക്കുഴി ലിറ്റിൽഫ്ളവർ കോൺഫറൻസ് 12 ദത്തുകുടുംബങ്ങൾക്ക് 1600 രൂപ വിലയുള്ള ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. കൂടാതെ പാതിരാകുർബാനയ്ക്കു വരുന്നവർക്ക്

കൂപ്പൺ വിതരണം ചെയ്തു സമ്മാനങ്ങൾ നല്കി.

മാമംഗലം മൗണ്ട് കാർമൽ കോൺഫറൻസ് 18 ദത്തു കുടുംബങ്ങൾക്ക് പ്രതിമാസം നല്കാറുള്ള 1500 രൂപയ്ക്കു പുറമേ 500 രൂപ വീതവും 1300 രൂപ വിലയുള്ള ക്രിസ്തുമസ് കിറ്റും അധികമായി നല്കി.

വരാപ്പുഴ എ.സി.

സെന്റ് സെബാസ്റ്റ്യൻ കോൺഫറൻസിൽ നിന്ന് ക്രിസ്തുമസിന് ദത്തു കുടുംബങ്ങൾക്ക് 500 രൂപയും കേക്കും നല്കി.

സാൻഡിയാഗോ യൂത്ത്, സെന്റ് ജയിംസ് കോൺഫറൻസുകളുടെ നേതൃത്വത്തിൽ രോഗികൾക്കും പ്രായമായവർക്കും വേണ്ടി ഡിസംബർ 22-ാം തീയതി കുർബാന അർപ്പിക്കുകയും കേക്ക്, ഉച്ചഭക്ഷണം എന്നിവ നല്കുകയും ചെയ്തു, നൂറിൽ കൂടുതൽ ആളുകൾ പങ്കെടുക്കുകയുണ്ടായി.

വരാപ്പുഴ സെന്റ് ജോസഫ് കോൺഫറൻസിന്റെ 75-ാം വാർഷികവും സെന്റ് ജെത്റൂഡ് കോൺഫറൻസിന്റെ 50-ാം വാർഷികവും ജനുവരി 22-ാം തീയതി വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ ആന്റണി വാലുങ്കൽ പിതാവിന്റെ കുർബാനയോട് കൂടെ ആഘോഷിക്കുകയുണ്ടായി. ഇതിനോടനുബന്ധിച്ച് 200 പേർക്ക് ഭക്ഷണകിറ്റുകളും നല്കി.

എറണാകുളം നോർത്ത് എ.സി.

സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ്, ബോൾഗാട്ടി 500 രൂപ വീതം 12 ദത്ത് കുടുംബങ്ങൾക്കായി 6000 രൂപ നല്കുകയുണ്ടായി. പൊന്നാരിമംഗലം സെന്റ് മേരീസ് കോൺഫറൻസ് 600 രൂപ വീതം 13 പേർക്കായി ആകെ 7800 രൂപ നല്കി.

ബോൾഗാട്ടി അമല മാതാ കോൺഫറൻസ് 500 രൂപ വീതം 12 പേർക്കായി 6000 രൂപ നല്കി.

എറണാകുളം സെന്റ് ബെനെഡിക്ട് കോൺഫറൻസ് 36 പേർക്ക് ക്യാഷും കിറ്റുമായി 43,000 രൂപ നല്കി.

പൊന്നാരിമംഗലം സെന്റ് ജോസഫ് കോൺഫറൻസ് 10 പേർക്ക് 500 രൂപ വീതം 5000 രൂപ നല്കി.

എറണാകുളം സെന്റ് തോമാസ് കോൺഫറൻസ് 25 പേർക്ക് കിറ്റും ക്യാഷുമായി 49225 രൂപ നല്കി.

പുല്ലേപ്പടി സെന്റ് ഫ്രാൻസിസ് അസ്സീസി കോൺഫറൻസ് 750 രൂപയും 750 രൂപ വിലയുള്ള കിറ്റും 12 പേർക്ക് നല്കി. കൂടാതെ 2 പേർക്ക് കിറ്റും നല്കി. ആകെ 19500 രൂപ നല്കി.

എറണാകുളം നിത്യസഹായമാതാ കോൺഫറൻസ് 500 രൂപയും 750 രൂപ വില വരുന്ന കിറ്റും 17 പേർക്കായി ആകെ 21250 രൂപ നല്കി. വിവാഹ ധനസഹായമായി 5000 രൂപ, വീടുപണിക്കായി 5000 രൂപ, ചികിത്സാ സഹായത്തിന് 25,000 രൂപ എന്നിങ്ങനെ നല്കി.

എറണാകുളം ഇൻഫന്റ് ജീസസ് കോൺഫറൻസ് 700 രൂപയുടെ കിറ്റും 300 രൂപയും 12 പേർക്കായി നല്കി. ആകെ 12000 രൂപ. കൂടാതെ 1500 രൂപ വിലയുള്ള കിറ്റ് 20 പേർക്ക് നല്കി. ആകെ 30000 രൂപ മൊത്തം ചെലവ് 42000.

കളമശ്ശേരി എ.സി.

വരാപ്പുഴ സി.സി. ആധ്യാത്മികോപദേഷ്ടാവും കളമശ്ശേരി പത്താം പീയൂസ് പള്ളി വികാരിയായും ദീർഘകാലം സേവനമനുഷ്ഠിച്ചപെരിയ ബഹു.ഡോ. ജോൺ നെടുനിലത്തച്ചന്റെ പാവന സ്മരണയ്ക്കായി 1983-ൽ ആരംഭിച്ച സ്കോളർഷിപ്പ് ഇത്തവണ 2025 ജനുവരി 12 ഞായറാഴ്ച ആത്മീയോപദേഷ്ടാവ് ബഹു. ഫാ. ഫെലിക്സ് ചുള്ളിക്കൽ വിതരണം ചെയ്തു. കോൺഫറൻസ് പ്രോജക്ട് ഓഫീസർ ബ്ര. ഡാനിയേൽ ഇല്ലിക്കൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി. വൈസ്പ്രസിഡന്റ് ബ്ര. ടി.എം. ജോസഫ് തൈപ്പറമ്പിൽ ആശംസാസന്ദേശം നടത്തി. ബഹു. സി. ഫെലിസിറ്റ അനുമോദനങ്ങൾ അറിയിച്ചു. കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജേക്കബ്ബ് കൊല്ലപറമ്പിൽ സ്വാഗതവും സെക്രട്ടറി ഫ്രാൻസിസ് ഹെൻറി നന്ദിയും രേഖപ്പെടുത്തി. എ.സി. പ്രസിഡന്റ് ബ്ര. അഗസ്റ്റിൻ കൂട്ടുകാട്ടും സന്നിഹിതനായിരുന്നു.

നിര്യാതരായി

കളമശ്ശേരി എ.സി. സെന്റ് സെബാസ്റ്റ്യൻസ് വനിതാ കോൺഫറൻസ്, മുൻ പ്രസിഡന്റ് **സി. ജിജ ക്ലീറ്റസ് (60),** കടേപ്പറമ്പിൽ, നിര്യാതയായി

ഉദയംപേരൂർ എ.സി. വൈസ് പ്രസിഡന്റ് **ഫ്രാൻസിസ് വിനേരി** 20.1.124-ൽ നിര്യാതനായി

കലൂർ എ.സി. പ്രസിഡന്റ് ബ്ര. റോയി റിപ്പണിന്റെ മാതാവ് **ഫിലോമിന മുട്ടുരുത്തിൽ (90)** 26.12.2024-ൽ നിര്യാതയായി.

മാനാട്ടുപറമ്പ് സേക്രഡ് ഹാർട്ട് വനിതാ കോൺഫറൻസ് അംഗം **റോസി തങ്കച്ചൻ (50)** 11.01.2025-ൽ നിര്യാതയായി

എറണാകുളം നോർത്ത് എ.സി. നിത്യസഹായമാതാ കോൺഫറൻസ് മുൻപ്രസിഡന്റ് **സി. മോളി മൈക്കൾ (81)** 16.01.2025-ൽ നിര്യാതയായി.

എറണാകുളം സൗത്ത് എ.സി. തേവര സെന്റ് ജോസഫ് കോൺഫറൻസ് അംഗം **ബ്ര. കെ.ഒ. പൈലി (87)** 15.01.2025-ൽ നിര്യാതനായി

ചാത്യാത്ത് എ.സി. സെന്റ് ഡോൺ ബോസ്കോ കോൺഫറൻസ് അംഗം എ.ജെ. സേവ്യറിന്റെയും ബഹു.ഫാ. പീറ്റർ അമ്പലത്തിങ്കലിന്റെയും സഹോദരൻ **കൊർണേലിയൂസ് അമ്പലത്തിങ്കൽ (59)** 21.11.2024-ന് നിര്യാതനായി.

നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രോജക്ട് കോ-ഓർഡിനേറ്ററും ഡൽഹി സി.സി. മുൻപ്രസിഡന്റുമായ ബ്ര. സ്റ്റാൻലി മൈക്കളിന്റെ ഭാര്യ **തങ്കമ്മ** 17.01.2025-ൽ നിര്യാതയായി.

പരേതർക്കുവേണ്ടി പ്രാർഥിക്കണം

ഓസാനം ഫെസ്റ്റ് 2025

2025 ജനുവരി 11 ശനി, എറണാകുളം സെന്റ് ആൽബർട്സ് ഹയർ സെക്കന്ററി സ്കൂളിൽ

വരാപ്പുഴ അതിരൂപതാ
പി.ആർ.ഒ. യേശുദാസ്
പഴമ്പിള്ളി ഓസാനം ഫെസ്റ്റ്
ഉദ്ഘാടനകർമം നിർവഹിക്കുന്നു.

ജൂബിലി വർഷത്തോടനുബന്ധിച്ച്
സംഘടനകൾക്ക് നല്കിയ
ജൂബിലിത്തിരി സി.സി. പ്രസിഡന്റ്
ആർച്ച് ബിഷപ് ജോസഫ്
കളത്തിപ്പറമ്പിലിൽ നിന്നും
ഏറ്റുവാങ്ങുന്നു.

നവീകരിച്ച സി.സി. ഓഫീസ് ഉദ്ഘാടനം
ഉദ്ഘാടനം മോൺ. ക്ലീറ്റസ്
പറമ്പലോത്ത് നിർവഹിക്കുന്നു.

ഇൻഫന്റ് ജീസസ് ദേവാലയത്തിൽ
നടന്ന വിൻസെൻഷ്യൻ കുടുംബത്തിലെ
പരേതരർക്കായുള്ള ദിവ്യപൂജ

Volume 19
Issue 1

VINFORMATION

SSVP Verapoly Central Council Bulletin

Jan. - March 2025

SSVP
serviens in spe
THYKOODAM AREA COUNCIL

2025 സെപ്തംബർ 12, 13, 14 തീയതികളിൽ
വരാപ്പുഴ സെൻട്രൽ കൗൺസിലിൽ വച്ച് നടക്കുന്ന

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ
നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ

71-ാമത് വാർഷിക സമ്മേളനത്തിന്

തൈക്കൂടം ഏരിയാ കൗൺസിലിന്റെ

പ്രാർഥനാശംസകൾ

Printing : Book Craft, Cheranelloor. Ph. 0484-4865618, 9446390577 E-mail : vinformation2020@gmail.com
Chief Editor : Chev. Dr. Premus Perinchery